പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5704 02.07.2019 ൽ മറുപടിയ്ക്ക്

വംശനാശഭീഷണി നേരിടുന്ന വന്യജീവിയിനങ്ങൾ

| ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ്.പി | | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|---|
| (എ) | സംസ്ഥാനത്ത് വംശനാശഭീഷണി നേരിടുന്ന വന്യജീവിയിനങ്ങളുടെ എണ്ണത്തിൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ വർദ്ധനവ് വന്നിട്ടുണ്ടോ; | (എ) 2017-19 കാലയളവിൽ നടത്തിയ കണക്കെടുപ്പിൽ വംശനാശ ഭീഷണി നേരിടുന്ന കടുവയുടെയും, വരയാടുകളുടേയും എണ്ണത്തിൽ ചെറിയ തോതിലുള്ള വർദ്ധനവ് ഉള്ളതായി കാണുന്നു. |
| (ബി) | ഏതെല്ലാം വന്യജീവികളാണ് വംശനാശഭീഷണി നേരിടുന്നതെന്നും അതീവ വംശനാശഭീഷണി നേരിടുന്നതെന്നും വെളിപ്പെടുത്താമോ; | (ബി) അന്താരാഷ്ട്ര തലത്തിൽ IUCN എന്ന സംഘടനയാണ് വംശനാശ ഭീഷണി നേരിടുന്ന ജീവികളുടെ Red list തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നത്. ഇതനുസരിച്ച് കേരളത്തിൽ കാണുന്ന ഏഷ്യൻ ആന, കടുവ, വരയാട്, സിംഹവാലൻ കുരങ്ങ്, കാട്ടുപട്ടി, ഈനാംപേച്ചി, മലബാർ വെരുക്, കാട്ടുചുണ്ടെലി, കാട്ടുനച്ചെലി, സിലോൺ നച്ചെലി, നെല്ലെലി തുടങ്ങിയ ഇനം സസ്തനികൾ, ചുട്ടിക്കഴുകൻ, ഇന്ത്യൻ കഴുകൻ, കാതില്ലാക്കഴുകൻ എന്നീ പക്ഷികൾ, 3 ഇനം ഉരഗങ്ങൾ, 11 ഇനം ഉഭയജീവികൾ, 9 ഇനം മത്സ്യങ്ങൾ എന്നിവ വംശനാശ ഭീഷണി നേരിടുന്നുണ്ട്. അവയിൽ മലബാർ വെരുക്, ചുട്ടിക്കഴുകൻ, ഇന്ത്യൻ കഴുകൻ, കാതില്ലാക്കഴുകൻ, സിസ്പാറ ഡേ ജെക്കോ എന്ന ഇനം പല്ലി, 11 ഓളം ഇനം തവളകൾ, 9 ഇനം മത്സ്യങ്ങൾ എന്നിവ അതീവ വംശനാശ ഭീഷണി നേരിടുന്നു. |
| (സി) | വംശനാശ ഭീഷണിയിൽ നിന്ന് ഇവയെ സംരക്ഷിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) വംശനാശ ഭീഷണി നേരിടുന്ന വന്യജീവി സംരക്ഷണാർത്ഥം തുടർച്ചയായ ഫീൽഡ് പരിശോധന, വനത്തിനുള്ളിൽ ആന്റി പോച്ചിംഗ് ക്യാമ്പുകൾ സ്ഥാപിച്ച് നിരീക്ഷണം നടത്തുക, പട്രോളിംഗ് ശക്തമാക്കുക എന്നിവ ചെയ്തു വരുന്നുണ്ട്. വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ട് കർശനമായി നടപ്പാക്കിയും വന്യജീവി വേട്ട തടഞ്ഞും സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നു. കൂടാതെ കാട്ടുതീ മൂലം |

| | | |
|---|---|---|
| | | ആവാസവ്യവസ്ഥയ്ക്ക് നാശം വരാതിരിക്കുവാൻ ഫലപ്രദമായ കാട്ടുതീ നിയന്ത്രണ മാർഗ്ഗങ്ങളും അവലംബിച്ചു വരുന്നു. കാടിനുള്ളിൽ തടയണകൾ നിർമ്മിക്കുകയും, നിലവിലുള്ള തടയണകൾ, വാട്ടർ ഹോളുകൾ, വയലുകൾ എന്നിവയുടെ പരിപാലനവും വഴി വന്യജീവികൾക്ക് കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്നു. വന്യജീവികളുടെ ആവാസവ്യവസ്ഥയുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനായി വിദേശ അധിനിവേശ കളകൾ നീക്കം ചെയ്യുകയും ആവാസവ്യവസ്ഥ പുനഃസ്ഥാപിക്കുന്നതിനു നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വനവികസന ഏജൻസികൾ രൂപീകരിച്ച് തദ്ദേശീയരായവരേയും ആദിവാസികളേയും ഉൾപ്പെടുത്തി പങ്കാളിത്ത വനസംരക്ഷണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ആനകിടങ്ങ്, ആനപ്രതിരോധ മതിൽ, സൗരോർജ്ജ വേലി എന്നിവ നിർമ്മിച്ച് വരുന്നു. കൂടാതെ, പൊതുജന പങ്കാളിത്തത്തോടെ ജനജാഗ്രതാ സമിതികളും എസ്.എം.എസ് വഴിയുള്ള മുന്നറിയിപ്പ് സംവിധാനവും നടപ്പിലാക്കി വരുന്നു. പൊതുജനങ്ങൾക്കായുള്ള പ്രകൃതി പഠന ക്ലാസുകളും ബോധവൽക്കരണ പരിപാടികളും വനസംരക്ഷണ പ്രവർത്തനങ്ങളിലേർപ്പെട്ടിട്ടുള്ള ജീവനക്കാരുടെ കാര്യക്ഷമത മെച്ചപ്പെടുത്തു ന്നതിനുള്ള പരിശീലന പരിപാടികളും സംഘടിപ്പിക്കുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ, വന്യജീവി സർവ്വെ, ഗവേഷണ പഠനങ്ങൾ എന്നിവയും നടത്തി വരുന്നുണ്ട്.<br>വംശനാശ ഭീഷണി നേരിടുന്ന ഏഷ്യൻ ആനകളുടേയും അവയുടെ സങ്കേതങ്ങൾക്കും സുരക്ഷ ഉറപ്പാക്കുന്നതിനു വേണ്ടി കേന്ദ്ര സഹായത്തോടെ പ്രോജക്ട് എലിഫന്റ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കടുവകളുടെ സംരക്ഷണത്തിനായി പെരിയാർ, പറമ്പിക്കുളം എന്നീ കടുവാ സങ്കേതങ്ങളിൽ പ്രോജക്ട് ടൈഗർ പദ്ധതി നടപ്പിലാക്കി വരുന്നു. വംശനാശ ഭീഷണി നേരിടുന്ന കഴുകന്റേയും (Vulture), വരയാടുകളുടേയും പരിപാലനത്തിനായി കേന്ദ്ര സഹായത്തോടെ ഇന്റഗ്രേറ്റഡ് ഡെവലപ് മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് - റിക്കവറി പ്രോഗ്രാം ഫോർ വൾച്ചർ ഇൻ വയനാട്, റിക്കവറി പ്രോഗ്രാം ഫോർ നീലഗിരി താർ എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ